


GREGORIAN
PARISH BULLETIN

മരുഭൂമിയിലെ പരുമല

ഒക്ടോബർ 2026

OCTOBER 2026 / Pages 8

ST. GREGORIOS ORTHODOX CHURCH SHARJAH

ESTD : 1979 Vol 10/2026


# സൗഖ്യമാക്കുന്ന ഒരു സമൂഹമായി സഭ



യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ തന്നെ, തന്റെ സൗഖ്യത്തിന്റെയും വീണ്ടെടുപ്പിന്റെയും ദൗത്യം തുടർന്നു കൊണ്ടുപോകുന്നതിനായി അവിടുന്ന് ശിഷ്യന്മാരെ തിരഞ്ഞെടുത്ത് പരിശീലിപ്പിച്ചു. പന്ത്രണ്ടു ശിഷ്യന്മാരെയും പിന്നീട് എഴുപതുപേരെയും അയച്ചത് ഈ ദൗത്യത്തിന്റെ പരിശീലനത്തിന്റെ ഭാഗമായിരുന്നു. "നിങ്ങൾ പോകുമ്പോൾ പ്രസംഗിക്കുവിൻ... രോഗികളെ സൗഖ്യമാക്കുവിൻ, മരിച്ചവരെ ഉയിർപ്പിക്കുവിൻ, കുഷ്ഠരോഗികളെ ശുദ്ധീകരിക്കുവിൻ, ഭൂതങ്ങളെ പുറത്താക്കുവിൻ" (മത്തായി 10:7–8) എന്നായിരുന്നു യേശുവിന്റെ കല്പന. യേശുവിന്റെ സ്വർഗ്ഗാരോഹണത്തോടെ ഈ ദൗത്യം അവസാനിച്ചില്ല. വിവിധ ജനതകളിൽ നിന്നുള്ള വിശ്വാസികൾ ചേർന്ന് രൂപംകൊണ്ട സഭയിലൂടെ ക്രിസ്തുവിന്റെ ശുശ്രൂഷ തുടർന്നു. "തിരഞ്ഞെടുത്ത വംശവും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ ജനവും ദൈവത്തിന്റെ സ്വന്തം ജനവും" (1 പത്രോസ് 2:9–10) എന്ന നിലയിൽ സഭ ലോകത്തിൽ ക്രിസ്തുവിന്റെ സാക്ഷ്യമായി നിലകൊള്ളുന്നു. (വെളിപ്പാട് 5:9–10) എല്ലാ ഗോത്രങ്ങളിലും ഭാഷകളിലും ജനതകളിലും നിന്നുള്ളവരെ ദൈവം തന്റെ ജനമായി ചേർത്തിരിക്കുന്നതായി കാണുന്നു. അതിനാൽ സഭ ഒരു ആരാധനാലയം മാത്രമല്ല; സൗഖ്യത്തിന്റെയും പരിവർത്തനത്തിന്റെയും വീണ്ടെടുപ്പിന്റെയും ജീവിക്കുന്ന സമൂഹമാണ്.

**ദൈവം ഉദ്ദേശിച്ച സഭ :** ദൈവം ഉദ്ദേശിച്ച രീതിയിൽ സഭ പ്രവർത്തിക്കുമ്പോൾ, അത് ദൈവത്തിന്റെ കൃപയും സ്നേഹവും അനുഭവിക്കുകയും മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുന്ന ഒരു സമൂഹമായി മാറുന്നു. ആദിമസഭയുടെ ജീവിതത്തെക്കുറിച്ച് (അപ്പൊസ്തലപ്രവൃത്തികൾ -2 ൽ വിവരിക്കുമ്പോൾ പഠനം, കൂട്ടായ്മ, അപ്പം നുറുക്കൽ, പ്രാർത്ഥന, പങ്കുവെക്കൽ, സേവനം എന്നിവ ഒരുമിച്ച് കാണാം. അതുകൊണ്ട് വിശ്വാസസമൂഹത്തിന്റെ പ്രധാന ദൗത്യങ്ങളിൽ സൗഖ്യമാക്കൽ, പഠിപ്പിക്കൽ, സേവിക്കൽ, ആരാധിക്കൽ, പ്രാർത്ഥിക്കൽ എന്നിവ ഉൾപ്പെടുന്നു.

**സൗഖ്യമാക്കുന്ന സമൂഹത്തിന്റെ സ്വഭാവം :** സമൂഹം വളരെ ദുർബലമായ ഒരു സംവിധാനമാണ്. കുടുംബമായാലും, സഭയായാലും, വിദ്യാലയമായാലും, ഓരോ അംഗത്തിന്റെയും പെരുമാറ്റം മുഴുവൻ സമൂഹത്തെയും സ്വാധീനിക്കുന്നു. ഒരു അശ്രദ്ധമായ വാക്കോ പ്രവൃത്തിയോ പോലും ഒരു വ്യക്തിയുടെ ഹൃദയത്തെ മുറിപ്പെടുത്തുകയും സമൂഹത്തിന്റെ ഐക്യത്തെ തകർക്കുകയും ചെയ്യാം. അതിനാൽ സഭയിലെ ഓരോ അംഗവും പരസ്പരം ബഹുമാനിക്കുകയും സംരക്ഷിക്കുകയും വേണം. പ്രത്യേകിച്ച് പുരോഹിതന്മാരുടെയും സഭാനേതൃത്വത്തിന്റെയും ഉത്തരവാദിത്വം സ്നേഹവും സ്വീകരണവും നിറഞ്ഞ ഒരു അന്തരീക്ഷം വളർത്തിയെടുക്കുക എന്നതാണ്.

**സൗഖ്യമാക്കുന്ന സഭയുടെ ദൈവശാസ്ത്രം :** ക്രിസ്തീയ വിശ്വാസത്തിൽ ദൈവം ത്രിത്വസ്വരൂപനായ ഒരു ദൈവമാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ബന്ധം തന്നെ സമൂഹജീവിതത്തിന് മാതൃകയാണ്. സൗഖ്യത്തിന്റെ ഉറവിടം യേശുക്രിസ്തുവാണ്. അവന്റെ നാമത്തിൽ അധികാരവും സാന്നിധ്യവും ശക്തിയും അടങ്ങിയിരിക്കുന്നു. ക്രിസ്തു നമ്മുടെ മുറിവുകൾ വഹിച്ച് നമ്മെ സൗഖ്യമാക്കുന്നതുപോലെ, ക്രിസ്തുവിന്റെ സ്നേഹത്തിൽ നാം മറ്റുള്ളവരുടെ മുറിവുകളിലേക്ക് കരുണയോടെ കടന്നുചെല്ലാനും വിളിക്കപ്പെട്ടിരിക്കുന്നു.

**സഭ സൗഖ്യമാക്കുന്ന സമൂഹമാകുന്നത് എങ്ങനെ?**

1. **ആരാധന:** ആരാധന മനുഷ്യനെ ദൈവസന്നിധിയിലേക്ക് കൊണ്ടുവരുന്നു. പ്രാർത്ഥനകളും സ്തുതിഗീതങ്ങളും ദൈവത്തിന്റെ സ്നേഹവും സമാധാനവും അനുഭവിക്കാൻ സഹായിക്കുന്നു. ആരാധന മനുഷ്യർ തമ്മിലുള്ള മുൻവിധികളും അകൽച്ചകളും നീക്കി ഒരുമയിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു.

2. **വിശുദ്ധ കുർബാന:** വിശുദ്ധ കുർബാന ക്രിസ്തുവിനോടുള്ള നമ്മുടെ ഐക്യത്തിന്റെ കേന്ദ്രമാണ്. രണ്ടാം നൂറ്റാണ്ടിലെ അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്തിയോസ് കുർബാനയെ "അമരത്വത്തിന്റെ ഔഷധം" എന്ന് വിശേഷിപ്പിച്ചു.

3. **കൈവെച്ച് പ്രാർത്ഥിക്കൽ:** രോഗികൾക്കുവേണ്ടി കൈവെച്ച് പ്രാർത്ഥിക്കുന്നതിന് തിരുവെഴുത്തിൽ മാതൃകകളുണ്ട്. സഭയിലെ ഈ ശുശ്രൂഷ രോഗികളെയും വേദനിക്കുന്നവരെയും ദൈവത്തിന്റെ സൗഖ്യത്തിനായി സമർപ്പിക്കുന്നതിന്റെ അടയാളമാണ്.

4. **എണ്ണകൊണ്ടുള്ള അഭിഷേകം:** യാക്കോബ് 5:14 രോഗികൾക്കുവേണ്ടി സഭയിലെ മൂപ്പന്മാർ പ്രാർത്ഥിക്കുകയും കർത്താവിന്റെ നാമത്തിൽ എണ്ണകൊണ്ട് അഭിഷേകം ചെയ്യുകയും ചെയ്യണമെന്ന് പഠിപ്പിക്കുന്നു. അതിനാൽ രോഗികളോടുള്ള സഭയുടെ കരുതലിന്റെ പ്രധാന ഘടകമാണ് പ്രാർത്ഥനയും അഭിഷേകവും.

5. **സുരക്ഷിതമായ ഇടവും കേൾക്കുന്ന സമൂഹവും:** തന്റെ വേദനകളും ഭയങ്ങളും പരാജയങ്ങളും തുറന്നു പറയാൻ കഴിയുന്ന സുരക്ഷിതമായ ഇടം സഭ ഒരുക്കണം.

6. **വിശുദ്ധ കുമ്പസാരം:** "നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവർക്കു ക്ഷമിക്കപ്പെട്ടിരിക്കുന്നു" (യോഹന്നാൻ 20:22–23) എന്ന ക്രിസ്തുവിന്റെ വചനത്തിൽ കുമ്പസാരത്തിന്റെ അടിസ്ഥാനം കാണാം. അനുതാപത്തോടെയുള്ള കുമ്പസാരം ദൈവത്തിന്റെ ക്ഷമയും ആത്മീയ ആശ്വാസവും പുതുജീവിതത്തിലേക്കുള്ള പ്രത്യാശയും നൽകുന്നു.

7. **കൗൺസിലിംഗും പാസ്റ്ററൽ പരിചരണവും:** വിവാഹം, കുടുംബം, ദുഃഖം, പ്രതിസന്ധി, ജീവിതതീരുമാനങ്ങൾ തുടങ്ങിയ സാഹചര്യങ്ങളിൽ സഭ പ്രാർത്ഥനാപൂർവ്വമായ കൗൺസിലിംഗും മാർഗനിർദേശവും നൽകണം. ആവശ്യമായ സാഹചര്യങ്ങളിൽ വിദഗ്ധരുടെ സഹായം തേടുന്നതിനും സഭ വ്യക്തികളെ പ്രോത്സാഹിപ്പിക്കണം.

8. **സമൂഹസേവനം:** ദരിദ്രർ, കുട്ടികൾ, യുവാക്കൾ, വയോധികർ, രോഗികൾ, പിന്നാക്കവിഭാഗങ്ങൾ എന്നിവരോടുള്ള സേവനവും സഭയുടെ സൗഖ്യദൗത്യത്തിന്റെ ഭാഗമാണ്.

**ഉപസംഹാരം :** ക്രിസ്തീയ സഭയുടെ ദൗത്യം മനുഷ്യനെ ദൈവത്തോടും സഹമനുഷ്യരോടും ശരിയായ ബന്ധത്തിലേക്ക് നയിക്കുകയും ജീവിതത്തിന് പുതിയ അർത്ഥവും പ്രത്യാശയും നൽകുകയും ചെയ്യുക എന്നതാണ്. അതുകൊണ്ട് സഭ രോഗശാന്തി നൽകുന്ന ഒരു സ്ഥാപനം മാത്രമല്ല; മനുഷ്യന്റെ ശരീരം, മനസ്സ്, ആത്മാവ്, ബന്ധങ്ങൾ എന്നിവയുടെ സമഗ്ര സൗഖ്യത്തിനായി പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ ശരീരമാണ്.

വേദനിക്കുന്നവനെ സ്വീകരിക്കുന്ന സഭ, അവന്റെ ശബ്ദം കേൾക്കുന്ന സഭ, ക്ഷമിക്കുന്ന സഭ, പ്രാർത്ഥിക്കുന്ന സഭ, സേവിക്കുന്ന സഭ. ഇവയെല്ലാം ചേർന്നാണ് ഒരു യഥാർത്ഥ സൗഖ്യമാക്കുന്ന സമൂഹം രൂപപ്പെടുന്നത്. ക്രിസ്തു ആരംഭിച്ച സ്നേഹത്തിന്റെയും സൗഖ്യത്തിന്റെയും വീണ്ടെടുപ്പിന്റെയും ശുശ്രൂഷ സഭയിലൂടെ എന്നും തുടർന്നുകൊണ്ടിരിക്കണം.


**റവ. ഫാ. ജിബിൻ ജോൺസൻ**
സെന്റ്. തോമസ് ആശ്രമം, ഭിലായ്

# ഗ്രീഗോറിയൻ

**ഒക്ടോബർ– 2026**

## കന്നി – തുലാം 1202

ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**

(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)

**ലക്കം : 10/2026**



**വെരി. റവ.ഡോ.അഡ്വ.ഷാജി ജോർജ്ജ് കോറെപ്പിസ്കോപ്പ**
(വികാരി)

**റവ. ഫാ. റോബിൻസ് ഡാനിയേൽ**
(സഹ. വികാരി)

**ശ്രീ.അജി കോശി വർഗീസ്**
(ഇടവക ട്രസ്റ്റി)

**ശ്രീ.ഷാജി ജോർജ്ജ്**
(ഇടവക സെക്രട്ടറി)

**ശ്രീ. മാത്യു എബ്രഹാം**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

**ശ്രീ. മാത്യൂസ് ജോർജ്**
(ഇടവക പ്രതിനിധി)



പ്രസാധകർ
**ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)



ഗ്രീഗോറിയനിലേക്കുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അയയ്ക്കേണ്ട വിലാസം
e-mail: gulfparumala@gmail.com


## Vicar's Message



Dearly beloved,
By the grace of Almighty, we are moving towards the consecration of the newly built Holy Madbaha, a long cherished dream of the faithful by the month of November, along with the parish feast. Let us pray to the Almighty to shower the blessings abundantly on each one of us, specially to those who led, laboured and prayed earnestly for the construction. The details will be announced later. Consecration will be an important moment in our life, again my humble request to you is the prayer and dedication to the Almighty God. In this bulletin, I would like to say some important matter as "Let us practice charity in its true spirit'.

In recent times, we have seen many organizations and individuals voluntarily come forward to perform commendable relief work and charity. And to some extent, they were able to mitigate the suffering caused by the pandemic. In essence, charity is willingly extending a helping hand to the needy and the deprived.

In common parlance, a charitable disposition is deemed noble. However, it is the intentions of the doer which determine the genuineness and sublimity of the act. Holy Bible says, in St.Mathew 6 : 1-4, "Beware of practicing your righteousness before other people in order to be seen by them, for then you will have no reward from your Father who is in heaven......... But when you give to the needy, do not let your left hand know what your right hand is doing. So that your giving may be in secret. And your Father who sees in secret will reward you".

Charity performed for self -aggrandisement, name, fame or vested interests gets relegated to a mere selfish act, generating limited benefit to others. True charity is inspired by compassion and altruism.it is a deep, driving desire to serve others and alleviate their misery. Whatever charity, we do without expecting a reward, both the giver and recipient will benefit.

Charity can be elevated to a lofty, spiritual plane only if it leads to a significant reduction in one's ego and doership. If we are in a fortunate position of revelling in material abundance and out of profound gratitude to the supreme, we choose to share our wealth with our under privileged fellow beings, acknowledging ourselves to be His chosen vehicle – such acts can rightly be tagged as sublime.

Moreover, when we are spiritually awakened to comprehend that all our material bounty is nothing but divine charity to us, that we too are at the receiving end of divine grace and mercy, our ego and doership are annihilated. When the wealth bestowed upon us is passed on to the needy in the continuity of an unbroken chain, divine grace flows uninterrupted. This is a universal law.

Generous acts should be performed with total detachment. There should not be any emotional bondage with one's good acts or their fruits. Do good and move on in life, instead of stagnating at that point of life to bask in the glory of one's generosity. Charity which gives rise to spiritual pride gets divested of its sheen.

For maximum efficacy, charity should be made a way of life. In our day to day life and dealings, there are numerous ways, both big and small, to uplift the needy lives around us. There is a prevalent misconception that charity yields effective results only when performed on a massive scale through big donations. Needless to say, it is highly beneficial but at the same time, small charities count too. According to Mother Teresa, "Never worry about numbers. Help one person at a time and always starts with a person near to you". If each one of us, who is in a fairly comfortable position, decides to cater to the needs of one or two needy individuals around us, it will make a significant difference to the weaker sections of society.

During challenging times, when fear and uncertainty are reigning supreme, we can dilute their impact by consoling the bereaved, counselling the fearful, educating the ignorant people with correct medical information and quelling baseless rumours. This form of charity will also reap rich dividends.

My humble request to all of you to do charity with prayer.
With best wishes and regards.,
Yours in His service

**With Prayers,**
**Very Rev. Dr.Adv. Shaji George Cor-Episcopos**

# അനുദിന ജീവിതത്തിലെ ആത്മീയത





'നിന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു' (സങ്കീർത്തനങ്ങൾ 119:105). ജീവിതമെന്ന സങ്കീർണ്ണമായ യാത്രയിൽ ഓരോ മനുഷ്യനും മുന്നോട്ട് നടക്കാൻ ഒരു വെളിച്ചം ആവശ്യമാണ്. ആ വെളിച്ചമാണ് ആത്മീയത. എന്നാൽ ഒരു സാധാരണക്കാരന്റെ ജീവിതത്തിൽ ആത്മീയത എന്നത് ഞായറാഴ്ചകളിലെ ആരാധനകളിലോ, പ്രാർത്ഥനാലയങ്ങളിൽ നടത്തുന്ന വഴിപാടുകളിലോ മാത്രം ഒതുങ്ങുന്ന ഒന്നല്ല; മറിച്ച്, അവന്റെ അനുദിന ജീവിതത്തിലെ ഓരോ ചിന്തയിലും പ്രവൃത്തിയിലുമാണ് അത് അർത്ഥപൂർണ്ണമാകുന്നത്.

### ധർമ്മബോധവും കർത്തവ്യവും

രാവിലെ ഉണരുന്നത് മുതൽ രാത്രി ഉറങ്ങാൻ കിടക്കുന്നത് വരെയുള്ള സാധാരണക്കാരന്റെ തിരക്കുപിടിച്ച ജീവിതത്തിൽ, ദൈവവചനം അവന്റെ കാലുകൾക്ക് ഇടറാതെ നടക്കാനുള്ള ദീപമായി മാറുന്നു. കുടുംബത്തെ നോക്കാനും, തൊഴിൽ ചെയ്യാനും, സമൂഹത്തിൽ ജീവിക്കാനും അവൻ നടത്തുന്ന ഓരോ ശ്രമത്തിലും ആത്മീയത നിഴലിക്കുന്നു. തന്റെ കർത്തവ്യങ്ങൾ സത്യസന്ധമായി നിർവ്വഹിക്കുക എന്നതുതന്നെയാണ് ഏറ്റവും വലിയ ആത്മീയപ്രവർത്തനം.
'നിന്റെ കൈകളുടെ അധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ; നിനക്കു നന്മ വരും' (സങ്കീർത്തനങ്ങൾ 128:2) എന്ന വേദപുസ്തക സത്യം നമ്മെ ഓർമ്മിപ്പിക്കുന്നത് ആത്മാർത്ഥമായ അധ്വാനത്തിന്റെ മഹത്വത്തെക്കുറിച്ചാണ്. പ്രശസ്ത തത്ത്വചിന്തകനായ സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്: 'സേവനമാണ് ഏറ്റവും വലിയ മതം; സഹജീവികളെ സ്നേഹിക്കുന്നതിലൂടെയാണ് നാം ദൈവത്തെ കണ്ടെത്തുന്നത്.' സ്വന്തം ജോലിസ്ഥലത്തും കുടുംബത്തിലും കാട്ടുന്ന ആത്മാർത്ഥതയും നീതിയുമാണ് സാധാരണക്കാരന്റെ നിശബ്ദമായ ആത്മീയത.

### പ്രതിസന്ധികളിലെ പ്രത്യാശ

സാധാരണക്കാരന്റെ അനുദിന ജീവിതം അത്ര സുഗമമല്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ, രോഗങ്ങൾ, മാനസിക സമ്മർദ്ദങ്ങൾ, കുടുംബത്തിലെ പ്രശ്നങ്ങൾ എന്നിവയൊക്കെ അവനെ പലപ്പോഴും തളർത്താറുണ്ട്. എന്നാൽ ഈ പ്രതിസന്ധികളിലും വീണുപോകാതെ അവനെ ഉറപ്പിച്ചുനിർത്തുന്നത് ഉള്ളിലെ ആത്മീയബലമാണ്.
'ഭാരം ചുമക്കുന്നവരെ, എന്റ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം' (മത്തായി 11:28) എന്ന യേശുവിന്റെ വാക്കുകൾ ഓരോ സാധാരണക്കാരനും വലിയ ധൈര്യവും പ്രത്യാശയും നൽകുന്നു. ആത്മീയത എന്നത് പ്രശ്നങ്ങളിൽ നിന്നുള്ള ഓടിയൊളിക്കലല്ല, മറിച്ച് ദൈവവിശ്വാസത്തോടെ അവയെ നേരിടാനുള്ള ആന്തരിക ശക്തിയാണ്.
റഷ്യൻ സാഹിത്യകാരനായ ലിയോ ടോൾസ്റ്റോയ് കുറിച്ചതുപോലെ: 'എവിടെ സ്നേഹമുണ്ടോ ദൈവം അവിടെയുണ്ട്.' സഹജീവികളോടുള്ള കരുണയിലും, എളിയവരെ സഹായിക്കുന്നതിലുമാണ് ആത്മീയതയുടെ യഥാർത്ഥ പ്രകാശം പരക്കുന്നത്.

### സ്നേഹവും സഹിഷ്ണുതയും

'ഞാൻ പരദേശിയായി പാർക്കുന്ന ഭവനത്തിൽ നിന്റെ ചട്ടങ്ങൾ എന്റെ കീർത്തനം ആകുന്നു' (സങ്കീർത്തനങ്ങൾ 119:54). ഈ ലോകത്തിൽ നാം ഏവരും ഏതാനും നാളത്തേക്ക് മാത്രം വന്നെത്തിയ യാത്രക്കാരാണ്. ഈ തിരിച്ചറിവുണ്ടാകുമ്പോൾ മനുഷ്യരിൽ അഹങ്കാരവും കോപവും മാഞ്ഞുപോകുന്നു. അയൽക്കാരനോടും കൂടെ ജോലി ചെയ്യുന്നവരോടും സ്നേഹത്തോടെയും ക്ഷമയോടെയും ഇടപഴകാൻ ഇത് നമ്മെ പഠിപ്പിക്കുന്നു.
നന്മ ചെയ്യുന്നതിൽ മടുത്തുപോകരുതെന്നും, എളിയ മനസ്സോടെ ദൈവത്തോടൊപ്പം നടക്കണമെന്നുമാണ് വേദപുസ്തകം നമ്മെ ഉപദേശിക്കുന്നത് (മീഖാ 6:8). ഓരോ ദിവസവും നാം കാണുന്ന ചെറിയ കാര്യങ്ങളിൽ ദൈവസാന്നിധ്യം തിരിച്ചറിയുക എന്നതാണ് അനുദിന ആത്മീയതയുടെ കാതൽ. രാവിലെ കുടുംബത്തോടൊപ്പം കഴിക്കുന്ന ഭക്ഷണത്തിലും, ജോലിത്തിരക്കുകൾക്കിടയിൽ മറ്റൊരാൾക്ക് നൽകുന്ന ഒരു ആശ്വാസവാക്കിലും, സന്ധ്യാസമയത്ത് മനസ്സ് തുറന്ന് നടത്തുന്ന ലളിതമായ ഒരു പ്രാർത്ഥനയിലുമെല്ലാം ആത്മീയത പ്രകാശിക്കുന്നുണ്ട്. വലിയ ത്യാഗങ്ങളോ ആഡംബരങ്ങളോ അല്ല, മറിച്ച് പ്രകൃതിയോടും സഹജീവികളോടും പുലർത്തുന്ന ആത്മാർത്ഥമായ സ്നേഹവും നന്ദിയുള്ള ഒരു ഹൃദയവുമാണ് നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുന്നത്. 'ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളത്' (മത്തായി 5:3) എന്ന വചനമനുസരിച്ച്, വിനയവും ലളിതമനസ്സോടെയുള്ള ജീവിതവുമാണ് യഥാർത്ഥ സന്തോഷത്തിലേക്ക് വഴിതുറക്കുന്നത്.

### ശാന്തതയും മനസ്സിന്റെ വിശുദ്ധിയും

തിരക്കുകളും കോലാഹലങ്ങളും നിറഞ്ഞ ഇന്നത്തെ ലോകത്തിൽ മനസ്സിന്റെ ശാന്തത കാത്തുസൂക്ഷിക്കുക എന്നത് വലിയൊരു ആത്മീയ ബോധ്യമാണ്. ദേഷ്യം, അസൂയ, പരദൂഷണം എന്നിവയിൽ നിന്ന് വിട്ടുനിന്ന്, തനിക്ക് ലഭിച്ച നന്മകളിൽ തൃപ്തിയടയാൻ ഒരു സാധാരണക്കാരനെ പഠിപ്പിക്കുന്നത് അവന്റെ ഉള്ളിലെ ദൈവഭയമാണ്. പ്രശസ്ത ചിന്തകനായ മഹാത്മാഗാന്ധി പറഞ്ഞതുപോലെ: 'നിങ്ങളുടെ വിചാരങ്ങളാണ് നിങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുന്നത്.' ചിന്തകളിലും പ്രവൃത്തികളിലും വിശുദ്ധി സൂക്ഷിക്കുമ്പോൾ ജീവിതം കൂടുതൽ മനോഹരമാകുന്നു. 'വ്യാജത്തെ നോക്കാതവണ്ണം എന്റെ കണ്ണുകളെ തിരിച്ച് നിന്റെ വഴികളിൽ എന്നെ ജീവിപ്പിക്കേണമേ.' (സങ്കീർത്തനങ്ങൾ 119:37) എന്ന പ്രാർത്ഥന പോലെ, തിന്മകളിൽ നിന്ന് അകന്ന് നന്മയുടെ വഴിയിൽ നടക്കുമ്പോഴാണ് നമ്മുടെ അനുദിന ജീവിതം യഥാർത്ഥത്തിൽ ആത്മീയമായി മാറുന്നത്.

ചുരുക്കത്തിൽ, സാധാരണക്കാരന്റെ ആത്മീയത എന്നത് വലിയ സിദ്ധാന്തങ്ങളോ പ്രസംഗങ്ങളോ അല്ല; അത് അവന്റെ നിത്യജീവിതത്തിലെ ചെറിയ ചെറിയ നല്ല പ്രവൃത്തികളാണ്. ഒരു പുഞ്ചിരിയിൽ, സഹജീവിക്ക് നീട്ടുന്ന ഒരു സഹായഹസ്തത്തിൽ, വാക്കുകളിലെ സത്യസന്ധതയിൽ എല്ലാം അത് നിറഞ്ഞുനിൽക്കുന്നു. ദൈവവചനത്തെ തന്റെ കാലിന് ദീപവും പാതയ്ക്ക് പ്രകാശവുമായി സ്വീകരിക്കുന്ന ഏതൊരു സാധാരണക്കാരനും ജീവിതത്തിലെ സകല കൊടുങ്കാറ്റുകളെയും അതിജീവിച്ച് സമാധാനത്തോടെയും സന്തോഷത്തോടെയും മുന്നോട്ട് പോകാൻ സാധിക്കും.

**Fr. Robins Daniel**

# ഒക്ടോബർ മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം

**ഒക്ടോബർ 3**



വി. യൽദോ മാർ
ബസേലിയോസ് ബാവ
(കോതമംഗലം ചെറിയ പള്ളി)

**ഒക്ടോബർ 12**



ഫിലിപ്പോസ് മാർ ദിവന്നാസ്സിയോസ് IV
മലങ്കര മെത്രാപ്പോലീത്ത
(ചേപ്പാട് പള്ളി)

**ഒക്ടോബർ 12**



യൂഹാനോൻ മാർ
അത്താനാസിയോസ് മെത്രാപോലീത്ത
(ബഥനി ആശ്രമം, പെരുനാട്)

**ഒക്ടോബർ 24**



സഖറിയാ മാർ തെയോഫിലോസ്
മെത്രാപോലീത്ത
(തടാകം ക്രിസ്ത ശിഷ്യ ആശ്രമം)

## തെശ്രീൻക്ദീം – ഒക്ടോബർ

1. അറിയിപ്പുകാരനായ മാർ ആദായി ശ്ലീഹായുടെയും, മാർ അബഹായി സഹദായുടെയും, മാർ മൽക്കേയുടെയും ഓർമ്മ.
2. കരവട്ടുവീട്ടിൽ ശെമവൂൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 138-ാം ഓർമ്മ. (കടുംഗമംഗലം പള്ളി).
3. പരിശുദ്ധ യൽദോ മാർ ബസേലിയോസിന്റെ 341-ാം ഓർമ്മ. (കോതമംഗലം ചെറിയ പള്ളി).
4. **സ്ലീബാപ്പെരുന്നാളിനുശേഷം മൂന്നാം ഞായർ.** വൈദിക സെമിനാരി ദിനം.
7. മാർ സർഗീസ്, മാർ ബാക്കോസ് എന്നീ സഹദേന്മാരുടെ ഓർമ്മ.
11 **സ്ലീബാപ്പെരുന്നാളിനുശേഷം നാലാം ഞായർ.**
12. ചേപ്പാട് ഫീലിപ്പോസ് മാർ ദീവന്നാസിയോസ് IV മെത്രാപ്പോലീത്തായുടെ 171-ാം ഓർമ്മ. (ചേപ്പാട് പള്ളി). യൂഹാനോൻ മാർ അത്താനാസിയോസ് എപ്പിസ്കോപ്പായുടെ 46-ാം ഓർമ്മ. (പെരുനാട് ബഥനി ആശ്രമം).
14. അലക്സന്ത്രിയായിലെ മാർ അത്താനാസിയോസിന്റെ ഓർമ്മ.
15. താപസനായ മാർ ഓസിയോയുടെ ഓർമ്മ. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ 5-ാം കാതോലിക്കാ സ്ഥാനാരോഹണ വാർഷികം.
18. **സ്ലീബാപ്പെരുന്നാളിനുശേഷം അഞ്ചാം ഞായർ. ഏവൻഗേലിസ്ഥനായ മാർ ലൂക്കോസിന്റെ ഓർമ്മ.**
22. മാർ ബസേലിയോസ് ശക്രുള്ളാ മഫ്രിയാനായുടെ 262-ാം ഓർമ്മ. (കണ്ടനാട് പള്ളി). അൽഫായിയുടെ പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
24. സഖറിയാ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ 9-ാം ഓർമ്മ. (തടാകം ക്രിസ്ത ശിഷ്യ ആശ്രമം)
25. **സ്ലീബാപ്പെരുന്നാളിനുശേഷം ആറാം ഞായർ.**

## 2026 ഒക്ടോബർ മാസം – ഒറ്റനോട്ടത്തിൽ

1 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
2 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
3 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/
FEAST OF ST. YELDHO MAR BASELIOS (341TH MEMORY)
4 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
5 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
6 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
7 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം/ഏരിയ പ്രയർ
UMM AL QUWAIN AREA
8 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
9 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
10 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
11 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
12 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
13 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
14 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
15 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
16 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
17 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
18 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
19 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
20 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
21 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
22 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
23 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
24 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/
25 പ്രഭാത നമസ്കാരം/വിശുദ്ധ കുർബ്ബാന/GENERAL BODY MEETING/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
26 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം
27 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
28 പ്രഭാത നമസ്കാരം/ഉപവാസ പ്രാർത്ഥന / സന്ധ്യാ നമസ്കാരം
29 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം / മധ്യസ്ഥ പ്രാർത്ഥന
30 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം/വിശുദ്ധ കുർബ്ബാന
31 പ്രഭാത നമസ്കാരം/സന്ധ്യാ നമസ്കാരം

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:15 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday | 6:15 pm | Evening Prayer |
| Evening | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Other | 5.30 am | Night Prayer, Morning Prayer |
| Days | 7.00 pm | Evening Prayer |

## UMM AL QUWAIN SERVICE

UAQ ഏരിയയിലെ ഒക്ടോബർ മാസത്തെ വി:കുർബ്ബാന 21-10-2026 ബുധനാഴ്ച വൈകുന്നേരം 7 മണിക്ക് സന്ധ്യാ നമസ്കാരത്തോടു കൂടി UAQ prayer hallൽ വെച്ച് ആരംഭിക്കുന്നതാണ്.

## Orthodox Medical Forum

### മരുന്നുകൾ ഗുളികകൾ മാത്രമല്ല

നമ്മുടെ വീടുകളിൽ പലതരത്തിലുള്ള മരുന്നുകൾ ഉണ്ടാകാറുണ്ട്. അസുഖം മാറിയ ശേഷവും ചില മരുന്നുകൾ വീട്ടിൽ ബാക്കി കാണും.

പിന്നീട് വീട്ടിലുള്ള മറ്റൊരാൾക്ക് സമാനമായ അസുഖം വന്നാൽ അതുതന്നെ കഴിക്കുന്ന രീതിയും, ചിലപ്പോൾ ഡോക്ടറെ കാണാതെ പഴയ കുറിപ്പടി നോക്കി അതേ മരുന്ന് വീണ്ടും വാങ്ങുകയും ചെയ്യും. ഇതെല്ലാം വളരെ സാധാരണമായി തോന്നാമെങ്കിലും, എല്ലായ്പ്പോഴും സുരക്ഷിതമായിരിക്കണമെന്നില്ല.

മരുന്നുകൾ ശരിയായ രീതിയിൽ ഉപയോഗിക്കുമ്പോൾ അവ നമ്മുടെ ആരോഗ്യത്തിന് വലിയൊരു സഹായമാണ്. എന്നാൽ തെറ്റായ മരുന്ന്, തെറ്റായ അളവ്, തെറ്റായ സമയത്ത് കഴിക്കുന്നത് ഗുണത്തേക്കാൾ കൂടുതൽ ദോഷം ചെയ്യാനും സാധ്യതയുണ്ട്.

പ്രത്യേകിച്ച് ആന്റിബയോട്ടിക്കുകളുടെ കാര്യത്തിൽ നമ്മൾ കൂടുതൽ ശ്രദ്ധിക്കണം. ബാക്ടീരിയ മൂലമുണ്ടാകുന്ന ചില അണുബാധകൾ ചികിത്സിക്കാനാണ് ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നത്. എല്ലാ പനിക്കും ജലദോഷത്തിനും ആന്റിബയോട്ടിക് ആവശ്യമില്ല.

അതുകൊണ്ട് ആന്റിബയോട്ടിക് ഡോക്ടർ നിർദ്ദേശിക്കുമ്പോൾ മാത്രം കഴിക്കുക. ഡോക്ടർ നിർദ്ദേശിച്ചാൽ പറഞ്ഞ അളവിലും, രീതിയിലും ഉപയോഗിക്കുക. നമ്മുടെ മരുന്നുകളെക്കുറിച്ചുള്ള സംശയങ്ങൾ ഡോക്ടറോടോ ഫാർമസിസ്റ്റിനോടോ ചോദിച്ച് മനസ്സിലാക്കുന്നത് വളരെ പ്രധാനമാണ്.

ബൈബിളിൽ ഇങ്ങനെ പറയുന്നു: "വൈദ്യന്മാരെ ബഹുമാനിക്കുവിൻ... കർത്താവാണ് അവരെ സൃഷ്ടിച്ചത്. (സിറാക്ക് 38:1)

നമ്മുടെ വിശ്വാസവും ചികിത്സയും പരസ്പരം വിരുദ്ധമല്ല. അതുകൊണ്ട് അസുഖം വന്നാൽ ശരിയായ സമയത്ത് ശരിയായ ചികിത്സ തേടുന്നതും നമ്മുടെ ഉത്തരവാദിത്വമാണ്.

അതുപോലെതന്നെ, എല്ലാ അസുഖത്തിനും ഒരു ഗുളിക വേണമെന്നില്ല. ചിലപ്പോൾ നല്ല വിശ്രമം, ആവശ്യത്തിന് വെള്ളം കുടിക്കുക, പോഷകമുള്ള ഭക്ഷണം, വ്യായാമം, മനസ്സിന് സമാധാനം എന്നിവയും നമ്മുടെ ആരോഗ്യത്തിന് ആവശ്യമാണ്.

"സന്തുഷ്ടഹൃദയം നല്ലൊരു ഔഷധമാകുന്നു" എന്ന് സദൃശവാക്യങ്ങളിൽ പറയുന്നു. (സദൃശവാക്യങ്ങൾ 17:22)

നമ്മുടെ ശരീരത്തെ ദൈവം നമുക്ക് നൽകിയ ഒരു അനുഗ്രഹമായി കണ്ട് അതിനെ ശ്രദ്ധയോടെ സംരക്ഷിക്കാം. അസുഖം വന്നാൽ ശരിയായ സമയത്ത് ശരിയായ സഹായം തേടാം. കാരണം, ഒരു മരുന്നിന്റെ ഗുണം അത് എത്ര ശക്തമാണെന്നതിൽ മാത്രമല്ല, അത് എപ്പോൾ, എങ്ങനെ, ആർക്കാണ് ഉപയോഗിക്കുന്നത് എന്നതിലാണ്.

**Sunitha Varghese, ACN, ICU, UAQH**

OMF പ്രാർത്ഥനായോഗങ്ങൾ എല്ലാ ശനിയാഴ്ചയും ഓൺലൈനായി വൈകിട്ട് 4 മണി മുതൽ കൂടി വരുന്നു.



ഷാർജ ഇന്ത്യൻ അസോസിയേഷൻ ട്രഷറർ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട നമ്മുടെ ഇടവകാംഗം ശ്രീ. ജിബി ബേബിയ്ക്ക് (J-360) ഇടവകയുടെ അഭിനന്ദനങ്ങൾ.

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| D-077 | DANIEL JOHN | AJK | 050-7698933 |
| J-884 | JINOJ BABU | SRQ | 052-5623848 |
| R-446 | ROMIN MATHEW DANIEL | AJS | 056-7107330 |
| R-447 | ROY THOMAS | ABS | 052-4192841 |
| S-948 | SHINE P THOMAS | SJU | 055-9761948 |
| S-949 | SUBIN K MATHEW | ABS | 050-9714815 |




## യാത്രയയപ്പ്



**SUNNY KOCHU KOSHY (S-471)**
2010 മുതൽ ഇടവകാംഗം

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## വിശുദ്ധ കുമ്പസാരം

ദിവസവും രാവിലെ 9 മണി മുതൽ 12.30 വരെയും, വൈകുന്നേരം 4 മണി മുതൽ 9 മണി വരെയും (സന്ധ്യാനമസ്കാരം / മദ്ധ്യസ്ഥ പ്രാർത്ഥന സമയം ഒഴികെ) വിശുദ്ധ കുമ്പസാരത്തിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

NB: വെള്ളിയാഴ്ച വൈകുന്നേരം വിശുദ്ധ കുർബാനയുള്ളതിനാൽ അന്നേ ദിവസം ഉച്ചക്ക് ശേഷവും ഞായറാഴ്ച ദിവസവും വിശുദ്ധ കുമ്പസാരം ഉണ്ടായിരിക്കുന്നതല്ല.

# SUNDAY SCHOOL





On Sunday 13-Sep, our diocesan Metropolitan then met and interacted teachers and students of both Morning Shift and Evening Shift, including our Tiny Tots students.



H.G. Geevarghese Mar Philoxenos held a special inspiring talk for Sunday School teachers titled "Sunday School Teaching – Your Calling, Your Commitment" on Saturday, 12th September 2026.

## SUNDAY SCHOOL ANNOUNCEMENTS

- Sunday School Classes for Grades 1 to 12 will remain ONLINE during the month of October due to current space limitations. Tiny Tots students will NOT have any online classes. Higher Preparatory students will have online classes on October 4th and 25th.
- UAE Subregion Competitions shall be held from 9AM on 10th October 2026, Saturday at St. Thomas Orthodox Cathedral - Dubai. SGOC Sharjah Sunday School offers our prayers and best wishes to the 38 talented students who have been preparing for months to represent our parish in 22 events.
- Sunday School Annual Day, originally scheduled for November-1 has been cancelled.
- Prize Distribution for Unit-level Competitions, originally scheduled for October-25 has been postponed. This will now be given in the beginning of 2027.

# MARTHMARIYAM VANITHA SAMAJAM





UAE സോണലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മർത്ത്മറിയം വനിതാ സമാജം സ്മൃതി 2026 സെപ്റ്റംബർ 12ാം തീയതി നമ്മുടെ ഇടവകയിൽ വെച്ച് വളരെ ഭംഗിയായും അനുഗ്രഹപ്രദമായും നടത്തുവാൻ സാധിച്ചു. മദ്രാസ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തിരുമേനി ഉദ്ഘാടനം നിർവഹിച്ചു.

മർത്ത്മറിയം വനിതാ സമാജം അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തുന്ന കേന്ദ്ര പരീക്ഷയ്ക്കായി, ഇടവകയിൽ നിന്നും രജിസ്റ്റർ ചെയ്തിട്ടുള്ള സമാജാംഗങ്ങൾക്കായിട്ടുള്ള പരീക്ഷ 2026 ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് നമ്മുടെ ഇടവകയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

മർത്ത്മറിയം വനിതാ സമാജത്തിന്റെ റെഗുലർ മീറ്റിംഗ് ഒക്ടോബർ 25 തീയതിയിൽ നടത്തപ്പെടുന്നതും, മെഡിക്കൽ സെൽ ഒക്ടോബർ 4, 18 തീയതികളിൽ പ്രവർത്തിക്കുന്നതും ആയിരിക്കും.

# OCYM

## 7th INTERNAL CRICKET TOURNAMENT 2026

WINNER : SHARON STRIKERS

RUNNER-UP : DANIEL DEFENDERS





## സുഗതാഞ്ജലി 2026



മലയാളം മിഷന്റെ നേതൃത്വത്തിൽ അജ്മാൻ ISC-യിൽ വെച്ച് സംഘടിപ്പിച്ച സുഗതാഞ്ജലി 2026 കാവ്യാലാപന മത്സരത്തിലെ വിജയികൾക്ക് അഭിനന്ദനങ്ങൾ

Sub Junior വിഭാഗം : 1st Prize - Adina Thomas

Junior വിഭാഗം : 3rd Prize - Adlina Thomas

## യുഎഇ സോണൽ യൂത്ത് ഫെസ്റ്റ് സർഗ്ഗോത്സവം 2026

OVERALL THIRD PRIZE - EVER ROLLING TROPHY Sharjah OCYM Unit കരസ്ഥമാക്കി! വിജയികൾക് അഭിനന്ദനങ്ങൾ





## പ്രവർത്തനോൽഘാടനം



St. Joseph Orthodox Fellowship (SJOF)-ന്റെയും St. Dionysius Orthodox Fellowship (SDOF)ന്റെയും പ്രവർത്തനോൽഘാടനം 2026 സെപ്റ്റംബർ 13 ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം ഭക്തിനിർഭരമായ ചടങ്ങിൽ ഇടവക മെത്രാപ്പോലീത്തയും , SDOF പ്രസിഡന്റുമായ അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനി നിർവഹിച്ചു.

## വി. വേദവായന കുറിപ്പ്

| | |
|---|---|
| 04-Oct | 3rd Sunday after the Feast of Holy Cross : St. Mark 2: 23 - 28 |
| 11-Oct | 4th Sunday after the Feast of Holy Cross : St. Luke 16: 9 -18 |
| 18-Oct | 5th Sunday after the Feast of Holy Cross: St.Mathew 23: 1-12 |
| 25-Oct | 6th Sunday after the Feast of Holy Cross : St.Luke 18:18-27 |

# MGOCSM




The MGOCSM Sharjah Online Regular Meeting, held on 26th September 2026, was truly a blessed and meaningful gathering.

A special and heartfelt thanks to our respected Co-Vicar, Rev. Fr. Robins Daniel, for his inspiring message on "Shaping the Clay – Growth, Learning and Self-Acceptance."

His beautiful reflections reminded us that, just as clay is shaped in the hands of the potter, God continues to mould and transform us through every experience, every lesson, and every season of growth.

May God bless us all!

## വിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ




## പരി. യൽദോ മാർ ബസ്സേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ




## അഭിവന്ദ്യ ഗീവർഗീസ് മാർ പീലക്സിനോസ് തിരുമേനിയുടെ പ്രഥമ ഇടവക സന്ദർശനം














Private Circulation Only